**മലയാളഭാഷ ശ്രേഷ്ഠഭാഷ**

**ജില്ലാ ഇൻഫർമേഷൻ ഓഫീസ്**

**കൊല്ലം**

**പത്രക്കുറിപ്പ്**

www.prd.kerala.gov.in
e-mail: prdkollam@gmail.com **2020 ഏപ്രിൽ 25** ഫോൺ: 0474-2794911

**കോവിഡ് 19**

## ജില്ലയിൽ മൂന്ന് പേർക്ക് കോവിഡ് പോസിറ്റീവ്

ജില്ലയിൽ മൂന്നു പേർക്കു കൂടി കോവിഡ് സ്ഥിരീകരിച്ചു. ഇതോടെ നിലവിൽ രോഗബാധയുള്ളവരുടെ എണ്ണം ഒൻപത് ആയി. ശാസ്താംകോട്ടയിലെ ഏഴ് വയസുള്ള കുട്ടിയാണ് ഒരാൾ. പനപ്പെട്ടി സ്വദേശികളായ കുടുംബം ഷാർജയിൽ നിന്നെത്തിയ ശേഷം 28 ദിവസം ഗൃഹ നിരീക്ഷണത്തിലായിരുന്നു. 35-ാം ദിവസമാണ് കുട്ടിക്ക് പോസിറ്റീവായി റിപ്പോർട്ട് ചെയ്യുന്നത്. 24-ാം തീയതി പനിയെ തുടർന്ന് കുട്ടിയെ ശാസ്താംകോട്ട താലൂക്കാശുപത്രിൽ എത്തിച്ചു. തുടർന്ന് കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ സാമ്പിൾ ശേഖരിക്കുകയും ചെയ്തു. കുട്ടിയുടെ 63 പ്രൈമറി, 12 സെക്കന്ററി കോണ്ടാക്ടുകളും കണ്ടെത്തിയിട്ടുണ്ട്.

തെങ്കാശി പുളയൻകുടിയിൽ സമ്പർക്കത്തിലൂടെ പോസിറ്റീവായ കുളത്തുപ്പുഴ സ്വദേശിയുടെ ( P10) സുഹൃത്തായ 51 കാരനാണ് രണ്ടാമത്തെ പോസിറ്റീവ്. ഇയാളുടെ 18 പ്രൈമറി, 22 സെക്കന്ററി കോണ്ടാക്ടുകളും കണ്ടെത്തിയിട്ടുണ്ട്. മൂന്നാമത്തെയാൾ ചാത്തന്നൂർ സ്വദേശി 47 കാരിയായ ആശ പ്രവർത്തകയാണ്. സെന്റിനൽ സർവൈലൻസിന്റെ ഭാഗമായി അയച്ച 15 റാൻഡം സാമ്പിളുകളിലൊന്നാണ് പരിശോധനയിൽ പോസിറ്റീവായത്. ഇവർക്ക് രോഗം പകർന്ന വഴികൾ അന്വേഷിച്ചു വരുന്നു.

ഇവരുടെ സാമ്പിളുകൾ തിരുവനന്തപുരം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോടെക്നോളജിയിലേയ്ക്ക് അയച്ചിരുന്നു. ഇന്നലെ (ഏപ്രിൽ 25) ഉച്ചയോടെ ഫലം അറിഞ്ഞു. മൂന്നു പേരുടേയും സാമ്പിൾ പരിശോധനാഫലം പോസിറ്റീവായതോടെ വിദഗ്ദ്ധ പരിചരണത്തിനായി പാരിപ്പള്ളി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കുട്ടിയുടെ മാതാപിതാക്കളെ

ആശുപത്രി ഐസൊലേഷനിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. എല്ലാ സെക്കന്ററി കോണ്ടാക്ടുകളും കൊറോണ കെയർ സെന്ററുകളിൽ കർശന നിരീക്ഷണത്തിലാണ്. ജില്ലയിൽ ആദ്യമായിട്ടാണ് ഒരു ദിവസം തന്നെ മൂന്നു പേർക്ക് കോവിഡ് പോസിറ്റീവ് റിപ്പോർട് ചെയ്യുന്നത്.

(പി.ആർ.കെ. നമ്പർ. 1209/2020)

**കോവിഡ് 19**

## ദുരിതാശ്വാസ നിധിയിലേക്ക് സുബൈർകുട്ടിയുടെ പെൻഷനും

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സുബൈർകുട്ടി സംഭാവന നൽകിയത് ഒരു മാസത്തെ പെൻഷൻ. പക്ഷാഘാതം ശരീരത്തെ തളർത്തിയെങ്കിലും നാടിന്റെ നന്മയ്ക്കായി തന്നാലായത് ചെയ്തതിന്റെ സന്തോഷത്തിലാണ് ഇദ്ദേഹം. പൻഷൻ തുകയിൽ നിന്നും 1200 രൂപയാണ് സുബൈർ നൽകിയത്. മുഖ്യമന്ത്രിയുടെ തേവലക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ പക്കലാണ് തുക നൽകിയത്. പൊലയ്ക്കൽ 22-ാം വാർഡിൽ കരായിവടക്കതിലാണ് സുബൈറിന്റെ താമസം.

(പി.ആർ.കെ. നമ്പർ. 1210/2020)

**കോവിഡ് 19**

## ആടിനെ വിറ്റ് ദുരിതാശ്വാസ നിധിയിലേക്ക് തുക നൽകി

ജീവിത പ്രാരാബ്ദങ്ങൾക്ക് ഇടയിലും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകാൻ ആഗ്രഹിച്ചിരുന്ന സുബൈദ അതിന് വഴി കണ്ടത് ആടിനെ വിറ്റ്. കൊല്ലം പോർട്ട് ഓഫീസിനു സമീപം ചായക്കട നടത്തുന്ന പോർട്ട് കൊല്ലം സംഗമം നഗർ-77 ലെ സുബൈദയാണ്(60 വയസ്) ആടിനെ വിറ്റ് കിട്ടിയ തുകയിൽ നിന്ന് 5510 രൂപ ജില്ലാ കലക്ടർ ബി അബ്ദുൽ നാസറിന് കൈമാറിയത്. ഹൃദ്രോഗ ബാധിതനായി ഓപ്പറേഷന് വിധേയനായ ഭർത്താവ് അബ്ദുൾ സലാമിനും ഹൃദ്രോഗിയായ സഹോദരനുമൊപ്പമാണ് താമസം. മൂന്നു മക്കൾ വിവാഹിതരായി മുണ്ടയ്ക്കലിൽ താമസിക്കുന്നു. ആടിനെ വിറ്റപ്പോൾ കിട്ടിയ പന്ത്രണ്ടായിരം രൂപയിൽ അയ്യായിരം വാടക കുടിശ്ശിക നൽകി രണ്ടായിരം കറണ്ട് ചാർജ്ജ് കുടിശ്ശികയും നൽകി. ദിവസവും മുടങ്ങാതെ മുഖ്യമന്ത്രിയുടെ വാർത്താ സമ്മേളനം ചാനലിൽ കാണുന്ന സുബൈദ കുട്ടികൾ വിഷുകൈനീട്ടം ദുരിതാശ്വാസ നിധിയിലേക്ക് നൽകുന്നത് അറിഞ്ഞതു മുതൽ ആലോച്ചിതാണ് സംഭാവന നൽകണമെന്നത്. ലോക്ക് ഡൗൺ തുടങ്ങിയ ശേഷം ചായക്കടയിൽ കച്ചവടവും വരവും കുറവാണ്. ഭാർത്താവിനും അനുജനും മുഴുവൻ സമയം കടയിൽ ജോലി ചെയ്യാനും ആവതില്ല. എന്നിരുന്നാലും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തുക നൽകണമെന്നത്

സുബൈദയുടെ അടങ്ങാത്ത ആഗ്രഹമായിരുന്നു. ഭർത്താവ് അതിന് പൂർണ പിന്തുണയും നൽകി. അങ്ങനെയാണ് വളർത്തിയരുന്ന ആടുകളിൽ നിന്നും രണ്ടെണ്ണത്തിനെ വിറ്റത്. അടിനെ വിറ്റായാലും ഒടുവിൽ ആഗ്രഹം സഫലമായ ചാരിതാർത്ഥ്യത്തിലാണ് സുബൈദ.

(പി.ആർ.കെ. നമ്പർ. 1211/2020)

**കോവിഡ് 19**

## 'ആരോഗ്യമുള്ള നാടിന് വൃത്തിയുള്ള വീട് '

## ഹരിതകേരളം മിഷൻ ചാലഞ്ചിനുള്ള മാനദണ്ഡങ്ങൾ പുറത്തിറക്കി

ലോക്ക് ഡൗൺ കാലത്ത് ഗാർഹിക മാലിന്യ സംസ്കരണം മുൻനിർത്തി ഹരിതകേരളം മിഷൻ സംഘടിപ്പിക്കുന്ന 'ആരോഗ്യമുള്ള നാടിന് വൃത്തിയുള്ള വീട്' ചാലഞ്ചിലെ മാനദണ്ഡങ്ങൾ പ്രസിദ്ധീകരിച്ചു. പകർച്ചവ്യാധികൾ തങ്ങളുടെ വീടുകളിൽ നിന്നും പടരുവാനുള്ള സാഹചര്യം ഒഴിവാക്കുന്നതിന് ഓരോ വീട്ടുകാരും അനുവർത്തിക്കേണ്ട കാര്യങ്ങൾ ഉൾപ്പെടുത്തി സംഘടിപ്പിച്ച ചാലഞ്ചിന് വൻതോതിലുള്ള പ്രതികരണമാണ് സമൂഹ്യമാധ്യമങ്ങളിൽ ലഭിക്കുന്നത്.

ചാലഞ്ച് ഏറ്റെടുക്കുന്നവരുടെ വീടുകളിൽ മാലിന്യ സംസ്കരണത്തിന്റെ മികവ് എത്രത്തോളമെന്ന് വിലയിരുത്തി ഗ്രേഡ് ചെയ്യാനുള്ള മാനദണ്ഡമാണ് ഹരിതകേരളം മിഷൻ ഫേസ്ബുക്കിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത്. ജൈവമാലിന്യം, അജൈവ മാലിന്യം, മലിന ജലം, മാലിന്യത്തിന്റെ അളവ് കുറയ്ക്കാൻ സ്വീകരിച്ച നടപടികൾ എന്നിവയാണ് മുഖ്യമായും വിലയിരുത്തലിന് വിധേയമാക്കുക.

ഏപ്രിൽ 30 വരെയാണ് ചാലഞ്ച്. മേയ് ആദ്യവാരം ഫൈനൽ ഗ്രേഡിംഗ് നടത്താം. ലഭിച്ച സ്റ്റാറുകൾ ഹരിതകേരളം മിഷനെ അറിയിക്കാം. ഇതിൽ നിന്നും നറുക്കെടുപ്പിലൂടെ വിജയികളാവുന്നവർക്ക് സമ്മാനം നൽകും. വീട്ടിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ, തരംതിരിക്കുന്ന രീതികൾ, ഫോട്ടോകൾ, സെൽഫികൾ തുടങ്ങിയവയും ഇതോടൊപ്പം പങ്കുവയ്ക്കാം. അവരവരുടെ ഫേസ്ബുക്ക് പേജിൽ #MyHomeCleanHome എന്ന ഹാഷ് ടാഗോടു കൂടി ചിത്രങ്ങൾ/ വിവരണങ്ങൾ/വീഡിയോ എന്നിവ പോസ്റ്റ് ചെയ്യണം. കൂടുതൽ വിവരങ്ങൾ ഹരിതകേരളം മിഷൻ ഔദ്യോഗിക ഫേസ് ബുക്ക് പേജിൽ ലഭിക്കും.

(പി.ആർ.കെ. നമ്പർ. 1212/2020)

(തുടരും)

***മലയാളഭാഷ ശ്രേഷ്ഠഭാഷ***

***ജില്ലാ ഇൻഫർമേഷൻ ഓഫീസ്***

***കൊല്ലം***

***പത്രക്കുറിപ്പ് –2***

www.prd.kerala.gov.in
e-mail: prdkollam@gmail.com ***2020 ഏപ്രിൽ 25*** ***ഫോൺ: 0474–2794911***

**കോവിഡ് 19**

## ഗൃഹനിരീക്ഷണത്തിലുള്ളവർക്ക്

## നോമ്പു തുറക്കാൻ പ്രത്യേക സംവിധാനം

ജില്ലയിൽ കോവിഡ് നിരീക്ഷണത്തിലുള്ളവരിൽ റമദാൻ നോമ്പു പിടിക്കുന്നവർക്ക് നോമ്പ് തുറക്കുന്നതിനും മറ്റും പ്രത്യേക സംവിധാനം ഒരുക്കിയതായി ജില്ലാ കലക്ടർ ബി അബ്ദുൽ നാസർ അറിയിച്ചു. വിവിധ കേന്ദ്രങ്ങളിലായി നിരീക്ഷണത്തിലിരിക്കുന്ന 48 പേർക്കാണ് സൗകര്യം ഒരുക്കിയത്. നോമ്പു തുറക്കൽ ഭക്ഷണം, നിസ്കാരത്തിന് ആവശ്യമായ പായ, സൂര്യോദയത്തിന് മുമ്പുള്ള ഭക്ഷണം എന്നിവ കൃത്യമായി നൽകുന്നതിനാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി സംവിധാനം ഏർപ്പെടുത്തിയത്.

(പി.ആർ.കെ. നമ്പർ. 1213/2020)

**കോവിഡ് 19**

## ശാസ്താംകോട്ട, പോരുവഴി, ചാത്തന്നൂർ – നിരോധനാജ്ഞ ഏർപ്പെടുത്തി

ജില്ലയിൽ ശാസ്താംകോട്ട, പോരുവഴി, ചാത്തന്നൂർ ഗ്രാമപഞ്ചായത്തുകളിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ ജില്ലാ കലക്ടർ ബി അബ്ദുൽ നാസർ നിരോധനാജ്ഞ ഏർപ്പെടുത്തി ഉത്തരവായി. റവന്യൂ, പൊലീസ്, ആരോഗ്യം, തദ്ദേശ സ്വയംഭരണം, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവ ഒഴികെയുള്ള ഒരു സ്ഥാപനങ്ങളും ഇവിടങ്ങളിൽ തുറക്കാൻ പാടില്ല.

അവശ്യ വസ്തുക്കൾ ഹോം ഡെലിവറിയായി എത്തിക്കാൻ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊലീസ് സഹായത്തോടെ നടപടി സ്വീകരിക്കാം. സമൂഹ അടുക്കളുടെ പ്രവർത്തനങ്ങൾക്ക് തടസം വരാൻ പാടില്ല. അവശ്യ വസ്തുക്കളുടെ നീക്കത്തിന് തടസം ഉണ്ടാകാത്ത രീതിയിലുള്ള ക്രമീകരണങ്ങൾ അതത് വകുപ്പുകൾക്ക് ഏർപ്പെടുത്താവുന്നതാണ്.

അടിയന്തര ആവശ്യങ്ങൾക്ക് പുറത്തിറങ്ങുന്ന ആളുകൾ കർശനമായും ഒരു മീറ്ററിൽ കൂടുതൽ സാമൂഹിക അകലം പാലിക്കണമെന്നും നിലവിലുള്ള മറ്റ് കോവിഡ് 19 സുരക്ഷാ നടപടികളും പാലിച്ചിരിക്കണമെന്നും ഉത്തരവിലുണ്ട്. കോവിഡ് പോസിറ്റീവ് കേസുകൾ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവായത്. ഹോട്ട് സ്പോട്ടായി പ്രഖ്യാപിച്ച സ്ഥലങ്ങളിൽ പ്രഖ്യാപനങ്ങൾ പിൻവലിക്കുന്നതുവരെ ഉത്തരവിന് പ്രാബല്യമുണ്ടായിരിക്കുമെന്നും കലക്ടർ അറിയിച്ചു.

(പി.ആർ.കെ. നമ്പർ. 1214/2020)

(അവസാനിച്ചു)

**മലയാളഭാഷ ശ്രേഷ്ഠഭാഷ**

**ജില്ലാ ഇൻഫർമേഷൻ ഓഫീസ്**

**കൊല്ലം**

**പത്രക്കുറിപ്പ് –3**

www.prd.kerala.gov.in
e-mail: prdkollam@gmail.com

**2020 ഏപ്രിൽ 25**

**ഫോൺ: 0474-2794911**

**കോവിഡ് 19**

## അടിയന്തര യോഗം ചേർന്നു

ശാസ്താംകോട്ടയിൽ കോവിഡ് 19 സ്ഥിരീകരിച്ചതിനെത്തുടർന്ന് ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ അടിയന്തരയോഗം ചേർന്നു. കെ സോമപ്രസാദ് എം പി, കോവൂർ കുഞ്ഞുമോൻ എം എൽ എ എന്നിവരുടെ നേതൃത്വത്തിലാണ് യോഗം ചേർന്നത്. ശാസ്താംകോട്ട പഞ്ചായത്തും പോരുവഴി പഞ്ചായത്തും ഹോട്ട് സ്പോട്ട് ആയ പശ്ചാത്തലത്തിലായിരുന്നു യോഗം.

ആർ രാമചന്ദ്രൻ എം എൽ എ, ജില്ലാ പഞ്ചായത്തംഗങ്ങളായ എം ശിവശങ്കരപിള്ള, കെ ശോഭന, ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി അരുണാമണി, ബ്ലോക്ക് പഞ്ചായത്തംഗം കലാദേവി, ശാസ്താംകോട്ട പഞ്ചായത്ത് പ്രസിഡന്റ് ഐ നൗഷാദ്, പുഷ്പകുമാരി, ജയ പ്രസന്നൻ, ഡി വൈ എസ് പി നാസറുദ്ദീൻ, സി ഐ മാരായ അനൂപ്, ഫിറോസ്, ബി ഡി ഒ അനിൽകുമാർ, ഡോ വിമല, ഡോ ഷഹാന, ഹെൽത്ത് ഇൻസ്പെക്ടർമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

(പി.ആർ.കെ. നമ്പർ. 1215/2020)

(അവസാനിച്ചു)